**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4631** **10-08-2021 - ൽ മറുപടിയ്ക്ക്**

**അരൂക്കുറ്റി-തിരുവനന്തപുരം ഫാസ്റ്റ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ അരൂക്കുറ്റിയിൽ നിന്ന് രാവിലെ 5 മണിക്ക് തിരുവനന്തപുരത്തേയ്ക്ക് പുറപ്പെടുന്ന കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് നിർത്തലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൃത്യമായ ഇടവേളകളിൽ മെച്ചപ്പെട്ട യാത്രാ സൗകര്യം ഒരുക്കുന്നതിനായി തിരുവനന്തപുരം-തൃശ്ശൂർ റൂട്ടിൽ സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ ചെയിൻ സർവ്വീസുകൾ ക്രമീകരിച്ച സാഹചര്യത്തിലാണ് ചേർത്തല ഡിപ്പോയിൽ നിന്നുള്ള അരൂക്കുറ്റി-തിരുവനന്തപുരം ഷെഡ്യൂൾ നിർത്തലാക്കിയിട്ടുള്ളത്. |
| (ബി) | കെ.എസ്.ആർ.ടി.സി. ക്ക് വരുമാനം കൂടുതൽ ലഭിക്കുന്ന എത്ര സർവ്വീസുകളാണ് സംസ്ഥാനത്ത് ഇപ്പോൾ നിർത്തലാക്കിയിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയെ തുടർന്നുള്ള യാത്രാ നിയന്ത്രണങ്ങൾ നിലവിൽ വന്നതിനാൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ചാണ് സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുള്ളത്. 2020 ജനുവരി മാസത്തിൽ കെ.എസ്.ആർ.ടി.സി ശരാശരി 4425 സർവ്വീസുകളാണ് പ്രതിദിനം നടത്തിവന്നിരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ 2021 ജൂലായ് മാസത്തെ കണക്കനുസരിച്ച് പ്രതിദിനം ശരാശരി 3090 സർവ്വീസുകളാണ് നടത്തിയത്. ഇപ്രകാരം 1335 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. |
| (സി) | അരൂക്കുറ്റി-തിരുവനന്തപുരം ഫാസ്റ്റ് സർവീസ് പുനരാരംഭിക്കാമോ; ആയതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ